"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - 1994-95 വർഷകാലയളവിൽ കോഴിക്കോട് മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മാണം നടന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് - ശ്രീ.എൻ.എം.മാത്യു വിരമിച്ച അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി - പുനഃപരിശോധനാ ഹർജി- തീർപ്പാക്കി - ഉത്തരവാകുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.402/2023/F&WLD തീയതി,തിരുവനന്തപുരം, 25-10-2023

പരാമർശം:-

1. വിജിലൻ സ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.04.2006-ലെ E12(VE6-2005 NRK) 4634-2005 നമ്പർ കത്ത്.
2. 25.12.2021 തീയതിയിലെ എ1/16/2021/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. 25.12.2021 തീയതിയായി ശ്രീ.എൻ.എം.മാത്യു സമർപ്പിച്ച പ്രതിവാദ പത്രിക.
4. 20.09.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-25855/07 നമ്പർ കത്ത്.
5. സ.ഉ.(സാധാ.) നം.78/2023/വനം തീയതി 22.02.2023
6. 31.03.2023 തീയതിയായി ശ്രീ.എൻ.എം.മാത്യു സമർപ്പിച്ച പുനഃപരിശോധനാ ഹർജി.
7. 21.07.2023-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/159/2023-ADMIN-B1 നമ്പർ കത്ത്.

**ഉത്തരവ്**

(1) 1994-95 വർഷകാലയളവിൽ കോഴിക്കോട് മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മാണം നടന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.എൻ.എം മാത്യുവിന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി ഔപചാരികാന്വേഷണം നടത്തുകയും ശ്രീ.എൻ.എം.മാത്യു, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബാധ്യത തുകയായ 51,135/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനും, കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 59(d) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം കുറവുചെയ്യുന്നതിനും തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകുകയുണ്ടായി.

പരാമർശം(3) പ്രകാരം ടിയാൻ പ്രതിവാദപത്രിക സമർപ്പിക്കുകയും പരാമർശം(4) പ്രകാരം ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ ആയതിന്മേലുള്ള അഭിപ്രായം അറിയിക്കുകയും ചെയ്തു. ശ്രീ.എൻ.എം.മാത്യുവിന്റെ പ്രതിവാദ പത്രികയിലെ വാദങ്ങളും ആയതിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും ലഭ്യമായ മറ്റ് രേഖകളും സർക്കാർ വിശദമായി പരിശോധിച്ചു. ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ കുഴൽക്കിണർ നിർമ്മാണ പ്രവർത്തിയിൽ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് ജോലി വേഗത്തിലാക്കുവാനുള്ള ശ്രമങ്ങളാണ് ശ്രീ.എൻ.എം.മാത്യുവിന് ചെയ്യാനുണ്ടായിരുന്നതെന്നും 31.03.1995-ൽ ആരംഭിച്ച പദ്ധതി 20.11.1995 വരെ നന്നായി പ്രവർത്തിച്ചിരുന്നെന്നും ശ്രീ.എൻ.എം.മാത്യുവിനെ പമ്പ് പ്രവർത്തനരഹിതമാണെന്ന് അറിയിക്കുന്നത് 1995 നവംബറിലാണെന്നും എന്നാൽ ടിയാൻ 05.06.1995-ൽ തന്നെ പ്രസ്തുത ഓഫീസിൽ നിന്നും സ്ഥലം മാറി കരുളായി റെയിഞ്ചിലേയ്ക്ക് പോയിരുന്നതായും അതായത് ശ്രീ.എൻ.എം.മാത്യു സ്ഥലം മാറിപോയി ഏകദേശം 5 മാസത്തിനിപ്പുറമാണ് ടിയാനെ പമ്പ് പ്രവർത്തനരഹിതാണെന്ന് വിവരം അറിയിക്കുന്നതെന്നതും മാത്രവുമല്ല 2004-ലെ അന്വേഷണ റിപ്പോർട്ടിൽ മണൽ പമ്പിലേയ്ക്ക് ഇറങ്ങിയതാവാം പരാജയകാരണമെന്നും, ഇത് മുൻകൂട്ടി പ്രതീക്ഷിക്കാനാവില്ലെന്നും ഈ പണി നടത്തിയ ഗ്രൗണ്ട് വാട്ടർ വകുപ്പിലെ ജില്ലാ ഓഫീസർ അറിയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും ഭൂജല വകുപ്പിന്റെ പൂർണ്ണമായ നിരീക്ഷണത്തിലും പരിശോധനയിലും നടന്ന പ്രവർത്തിയായതിനാൽ ശ്രീ.എൻ.എം.മാത്യുവിനെ പൂർണ്ണമായും കുറ്റക്കാരനാക്കാൻ കഴിയില്ലെന്നതും ഭൂജലവകുപ്പിന്റെ പൂർണ്ണമായ നിരീക്ഷണത്തിലും പരിശോധനയിലും നടന്ന പ്രവർത്തിയായതിനാൽ മുഴുവൻ ഉത്തരവാദിത്വവും വനം വകുപ്പ് ജീവനക്കാരിൽ നിക്ഷിപ്തമാണെന്ന് പറയുന്നത് ന്യായമല്ലെന്നത് കണക്കിലെടുത്തും 05.06.1995-ൽ( 25 വർഷങ്ങൾക്ക് മുമ്പ്) നടന്ന വിഷയമായതിനാലും ശ്രീ.എൻ.എം.മാത്യു സർവ്വീസിൽ നിന്നും 2016-ൽ വിരമിച്ചിട്ടുള്ളതിനാലും ടിയാന്റെ സർവ്വീസിൽ മറ്റ് ഗുരുതര കുറ്റങ്ങൾ ഒന്നും ചെയ്തിട്ടില്ലാത്തതിനാലും വാർദ്ധക്യസഹജമായ അസുഖങ്ങൾ നിമിത്തം ടിയാൻ ബുദ്ധിമുട്ടുകയാണെന്ന് അറിയിച്ചിട്ടുള്ളത് പരിഗണിച്ചും മാനുഷിക പരിഗണന നൽകി കാരണം കാണിക്കൽ നോട്ടീസിലെ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം കുറവുചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം ഒഴിവാക്കിയും ബാധ്യത തുകയായ 51,135/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും ശ്രീ.എൻ.എം.മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി വിജിലൻസ് വകുപ്പിന്റെ അനുമതിക്കു വിധേയമായി പരാമർശം(5) പ്രകാരം തീർപ്പാക്കി ഉത്തരവായി.

തുടർന്ന് പരാമർശം(6) പ്രകാരം ശ്രീ.എൻ.എം.മാത്യു ടി ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് പുന:പരിശോധനാ ഹർജ്ജി സമർപ്പിച്ചു.

അച്ചടക്ക നടപടി തീർപ്പാക്കുന്ന വേളയിൽ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ തന്നെയാണ് പുനഃപരിശോധനാഹർജിയിലും ടിയാൻ പറഞ്ഞിട്ടുള്ളത്. ശിക്ഷ ഇളവുചെയ്യുന്നതിന് തക്കതായ പുതിയ വാദങ്ങൾ ഒന്നും പുനഃപരിശോധനാഹർജിയിൽ ബോധിപ്പിച്ചിട്ടില്ല. 25 വർഷങ്ങൾക്ക് മുൻപ് നടന്നതും എന്നാൽ തന്റേതായ ഒരു വീഴ്ചയും കൊണ്ടുണ്ടായതല്ലാത്തതുമായ ഒരു കാര്യത്തിന് ടിയാനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നത് ശരിയായ ഒരു കാര്യമല്ല എന്നും കുറ്റം ചെയ്യാത്ത ഒരാളെ ശിക്ഷിക്കുന്നതിന് തുല്യമാണ് ഈ ശിക്ഷയെന്നും, ആയതിനാൽ കുഴൽക്കിണർ നിർമാണത്തിനു ചിലവായ പണം ടി യാനിൽ നിന്നിടാക്കാനുള്ള ഉത്തരവ് പുനഃപരിശോധിക്കണമെന്നും ടിയാനെ നിരുപാധികം കുറ്റവിമുക്തനാക്കണമെന്നും

പുനഃപരിശോധനാ ഹർജിയിൽ അപേക്ഷിച്ചിരിക്കുന്നു. ടി പുനഃപരിശോധന ഹർജിയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) പരാമർശം(7) അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

കോഴിക്കോട് മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മാണ പ്രവൃത്തികൾ നടത്തിയതും സാങ്കേതിക കാര്യങ്ങൾ പരിശോധിച്ചതും കേരള സർക്കാരിന്റെ ഭൂജല വകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാണെന്നും കുറ്റിയാടി റേഞ്ചിലെ റേഞ്ചോഫീസറായി ജോലി ചെയ്തിരുന്ന കാലയളവിൽ ശ്രീ.എൻ.എം.മാത്യു ടി പ്രവർത്തികൾക്കെല്ലാം ഉചിതമായ രീതിയിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും കൂടാതെ കുഴൽ കിണറിൽ നിന്നുള്ള വെള്ളം ശേഖരിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങിയത് ക്വട്ടേഷൻ അടിസ്ഥാനമാക്കി നിയമാനുസൃതമായി തന്നെയാണെന്നും മണൽ കയറി പമ്പിങ് തടസ്സപ്പെട്ടത് പമ്പിന്റെ ഗുണനിലവാരം മോശമായതുകൊണ്ടാണെന്ന് പറയാനാവില്ലെന്നും ഭൂജല വകുപ്പിന്റെ പൂർണമായ നിരീക്ഷണത്തിലും പരിശോധനയിലും നടന്ന പ്രവൃത്തി ആയതിനാൽ ടിയാന്റെ റിവ്യൂ ഹർജ്ജി അനുഭാവപൂർവം പരിഗണിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണെന്നത് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ എൻ.എം മാത്യു സമർപ്പിച്ച സൂചന(3)പ്രതിവാദപത്രിക പരിശോധിച്ച് ടിയാന്റെ സർവ്വീസിൽ മറ്റ് ഗുരുതര കുറ്റങ്ങൾ ഒന്നും ചെയ്തിട്ടില്ലാത്തതിനാലും വാർദ്ധക്യസഹജമായ അസുഖങ്ങൾ നിമിത്തം ടിയാൻ ബുദ്ധിമുട്ടുകയാണെന്ന് അറിയിച്ചിട്ടുള്ളത് പരിഗണിച്ചും മാനുഷിക പരിഗണന നൽകി കാരണം കാണിക്കൽ നോട്ടീസിലെ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം കുറവുചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം ഒഴിവാക്കിയും ബാധ്യത തുകയായ 51,135/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും ശ്രീ.എൻ.എം.മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി വിജിലൻസ് വകുപ്പിന്റെ അനുമതിക്കു വിധേയമായി ഉത്തരവാകുകയായിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ ഇപ്പോൾ സമർപ്പിച്ച പുനഃപരിശോധനാ ഹർജി പരിശോധിച്ചതിൽ ടിയാന് നൽകിയ ശിക്ഷ പുനഃപരിശോധിക്കാൻ തക്കവണ്ണമുള്ള കാര്യങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ഉദാരമായ സമീപനം കൈക്കൊണ്ട്തീർപ്പാക്കിയ അച്ചടക്ക നടപടിയിലെ ശിക്ഷ പുന:പരിശോധിക്കേണ്ടതില്ലായെന്ന് കാണുന്നതിനാൽ പരാമർശം(6) പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജൻ.എ
അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.എൻ.എം.മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ

വിജിലൻസ് (ഇ) വകുപ്പ് (VIG-E4/350/2022-VIG)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 25-10-2023 12:38:43

സെക്ഷൻ ഓഫീസർ